LIBRARY ARCHIVES Kerala Legislative Assembly

(ബി) വിവാഹ രജിസ്ട്രാർ ജനറലിന്റെ ആഫീസിലെ ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് അറിയിക്കുമോ ;

(സി) നിലവിൽ ഈ ആഫീസിൽനിന്നും എന്തെല്ലാം സേവനങ്ങളാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത് എന്നുള്ളതടക്കമുള്ള പ്രവർത്തന വിവരങ്ങൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) വിവാഹ രജിസ്ട്രാർ ജനറൽ എന്ന പ്രത്യേക തസ്തിക നിലവിൽ സൃഷ്ടിച്ചിട്ടില്ല. പഞ്ചായത്ത് പ്രദേശങ്ങളെയും നഗരപ്രദേശങ്ങളെയും സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വിവാഹ (പൊതു) രജിസ്ട്രാർ ജനറൽ ആയി പ്രവർത്തിച്ചുവരുന്നു.

(ബി) ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരാണ് വിവാഹ രജിസ്ട്രാർ ജനറൽ എന്നുള്ളതിനാൽ വിവാഹ രജിസ്ട്രാർ ജനറലിന് മാത്രമായി പ്രത്യേകം ഓഫീസ് ഇല്ല. എന്നാൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിൽ ഈ ആവശ്യത്തിലേയ്ക്കായി ഒരു ജൂനിയർ സൂപ്രണ്ട്, ഒരു സീനിയർ ക്ലാർക്ക് എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ഹിന്ദു വിവാഹം 1955, പ്രത്യേക വിവാഹ നിയമം 1954, ക്രിസ്ത്യൻ വിവാഹ നിയമം 1872 എന്നീ വിവാഹ നിയമങ്ങളുടെ നിയന്ത്രണാധികാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ അധികാര പരിധിയിലാണ്. 2008-ലെ പൊതു വിവാഹ ചട്ടങ്ങൾ അനുസരിച്ച് വിവാഹം നടന്ന് 5 വർഷത്തിനുശേഷമുള്ള രജിസ്ട്രേഷൻ, വിവാഹ രജിസ്റ്ററിലെ പേര്, വയസ്സ്, തീയതി മുതലായ സാരവത്തായ ഉൾക്കുറിപ്പുകൾ തിരുത്തൽ, അനുമതി നൽകൽ, രജിസ്ട്രേഷൻ തിരുത്തൽ, സർട്ടിഫിക്കറ്റ് ലഭ്യമാക്കൽ തുടങ്ങിയ തദ്ദേശ രജിസ്ട്രാറുടെ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) ഏതൊരു തീരുമാനത്തിനെതിരെയും തീരുമാനം അറിയിച്ച തീയതി മുതൽ മൂന്ന് മാസക്കാലയളവിനുള്ളിൽ രജിസ്ട്രാർ ജനറൽ മുമ്പാകെ അപ്പീൽ ഫയൽ ചെയ്യാവുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്കുള്ള ജീവനക്കാരുടെ പുനർവിന്യാസം

**233 (1605)** <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 22-5-2013-ലെ E4-1771/12/CE/LSGD ഉത്തരവ് പ്രകാരം എത്ര ജീവനക്കാരെ സ്ഥിരമായി പുനർ വ്യന്യസിക്കപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ എത്ര പേർ തദ്ദേശസ്വയംഭരണ വകുപ്പിൽ ജോലിയിൽ പ്രവേശിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) അത്തരത്തിൽ ജോലിയിൽ പ്രവേശിച്ചവരുടെ ലാവണം ഏതു വകുപ്പിലാണെന്ന് വ്യക്തമാക്കുമോ ; ആയതു തീരുമാനിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) മേൽസൂചിപ്പിച്ച ഉത്തരവ് പ്രകാരം എൽ.എസ്.ജി.ഡി.യിൽ ജോലിയിൽ പ്രവേശിച്ചവരും ഓപ്ഷൻ നൽകി എൽ.എസ്.ജി.ഡി.-യിലേക്ക് വന്നവരും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുമോ ;

(ഇ) എൽ.എസ്.ജി.ഡി.-യിൽ ചീഫ് എഞ്ചിനീയർ തയ്യാറാക്കിയ 25-11-2013-ലെ എൽ.ഡി. ടൈപ്പിസ്റ്റിന്റെ സീനിയോറിറ്റി ലിസ്റ്റിൽ 22-5-2013-ലെ ഉത്തരവ് പ്രകാരം ജോലിയിൽ പ്രവേശിച്ച ശ്രീമതി റീജ കെ.-യെ ഒഴിവാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത വ്യക്തിക്ക് സർവ്വിസിൽ നേരിട്ട ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 22-5-2012-ലെ ഇ 4/1771/12/സി.ഇ/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം 535 പേരാണ് പുനർ വിന്യസിക്കപ്പെട്ടത്.

(ബി&സി) ഇവരിൽ 163 പേർ മാത്രമേ ഓപ്ഷൻ നൽകി തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളൂ. ഇപ്രകാരം ജോലിയിൽ പ്രവേശിച്ചവരുടെ ലാവണം തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിംഗാണ്.

(ഡി) മേൽ സൂചിപ്പിച്ച പ്രകാരം 163 പേർ മാത്രമേ ഓപ്ഷൻ നൽകി തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിംഗിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളൂ. ബാക്കിയുള്ളവർ ഓപ്ഷൻ നൽകാതെ തുടർന്നു വരുന്നവരാണ്.

(ഇ) 22-5-2012-ലെ ഇ 4/1771/12/സി.ഇ/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഓപ്ഷൻ നൽകി ജോലിയിൽ പ്രവേശിച്ച 163 ജീവനക്കാരെയാണ് സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ശ്രീമതി റീജ കെ. ഓപ്ഷൻ നൽകാതിരുന്നതിനാലാണ് 25-11-2013-ലെ എൽ.ഡി. ടൈപ്പിസ്റ്റിന്റെ സീനിയോറിറ്റി ലിസ്റ്റിൽനിന്നും ഒഴിവാക്കിയത്.

(എഫ്) പ്രസ്തുത വ്യക്തിക്ക് സർവ്വീസിൽ ബുദ്ധിമുട്ടുകൾ നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly